# രണ്ടുകിലോ കഞ്ചാവുമായി കോങ്ങാട് സ്വദേശി അറസ്റ്റിൽ

**വണ്ടിത്താവളം** : രണ്ട് കിലോഗ്രാം കഞ്ചാവുമായി കോങ്ങാട് സ്വദേശിയെ പാലക്കാട് ഡാൻസാഫ് സ്ക്വാഡും മീനാക്ഷിപുരം പോലീസും സംയുക്തമായി നടത്തിയ പരിശോധനയിൽ ഇന്നലെ രാവിലെ കുമൻകാട് ബസ് സ്റ്റോപ്പിൽ ഇടപാടുകാർക്ക് കൈമാറാൻ കൊണ്ടു വന്ന രണ്ട് കിലോ കഞ്ചാവുമായി അറസ്റ്റു ചെയ്തു.

കോങ്ങാട്, പുതന്നൂർ സ്വദേശി റഷീദ് (52)നെയാണ് മീനാക്ഷിപുരം പോലീസ് അറസ്റ്റു ചെയ്തത്.

പിടിച്ചെടുത്ത കഞ്ചാവിന് രണ്ട് ലക്ഷം രൂപ വില വരും. വണ്ടിത്താവളം, തത്തമംഗലം ഭാഗത്തുള്ള ചെറുകിട കച്ചവടക്കാരന് കൈമാറാൻ കൊണ്ടുവന്നതാണെന്ന് പ്രതി പറഞ്ഞു. പ്രതിയ്ക്ക് മുൻപ് ചിറ്റൂർ പോലീസ് സ്റ്റേഷനിൽ കഞ്ചാവ് കേസ്സ് നിലവിലുണ്ട്.

സംസ്ഥാന പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ ജില്ലാടിസ്ഥാനത്തിൽ രൂപീകരിച്ച ഡാൻസാഫ് സ്ക്വാഡിന്റെ നേതൃത്ത്വത്തിൽ നടത്തിവരുന്ന പ്രത്യേക ഓപ്പറേഷന്റെ ഭാഗമായാണ് പരിശോധന നടത്തി വരുന്നത്. നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച്സംസ്ഥാന അതിർത്തികൾ കേന്ദ്രീകരിച്ച് പ്രത്യേക പരിശോധനയാണ് നടന്നു വരുന്നത്. പാലക്കാട് ജില്ല പോലീസ് മേധാവി ആർ.വിശ്വനാഥ് ഐപിഎസിന്റെ നിർദ്ദേശത്തെത്തുടർന്ന് നർകോട്ടിക് സെൽ ഡിവൈഎസ്പി സി.ഡി.ശ്രീനിവാസന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് കഞ്ചാവ് പിടികൂടിയത്.

പ്രതിയെ കോടതിയിൽ ഹാജരാക്കി. മീനാക്ഷിപുരം സബ് ഇൻസ്പെക്ടർ സി.യു. ഗിരീഷ് കുമാർ, എസ്സിപിഒമാരായ എം. സജീവൻ, വി.സന്തോഷ് കുമാർ,എം. മോഹൻദാസ് , സിപിഒ അനു, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ ടി.ആർ സുനിൽ കുമാർ, റഹിം മുത്തു, യു.സൂരജ് ബാബു, കെ.അഹമ്മദ് കബീർ, കെ.ദിലീപ്, ആർ.രാജീദ് എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.

റഷീദ്